(സി) എൻഫോഴ്സ്മെന്റ് വിഭാഗമോ ആദായ നികുതി വകുപ്പോ ഈ കുഴൽപ്പണ കേസ് ഏറ്റെടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

എൻഫോഴ്സ്മെന്റ് ഡയറക്ടറും ആദായ നികുതി വകുപ്പും കേസിന്റെ വിവരങ്ങൾ ആരാഞ്ഞതല്ലാതെ ഈ കാര്യത്തിൽ അവർ സ്വീകരിച്ച നിലപാട് സംബന്ധിച്ച വിവരം ലഭ്യമല്ല.

പോലീസ് ടെലികമ്മ്യൂണിക്കേഷനിൽ ടെക്നിക്കൽ കേഡർ

97 (4822) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ടെലികമ്മ്യൂണിക്കേഷനിൽ ടെക്നിക്കൽ കേഡർ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സബ്ഡിവിഷനുകളാണ് ഇപ്രകാരം രൂപീകരിച്ചത്?

പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റുകളിലെ തസ്തികകൾ ടെക്നിക്കൽ വിഭാഗം തസ്തികകളാണ്.

(ബി) പ്രസ്തുത സബ്ഡിവിഷനുകളിലേയ്ക്ക് കമ്പ്യൂട്ടർ, എ.സി. എന്നിവ വാങ്ങിയ വകയിൽ എന്ത് തുക ചെലവഴിച്ചു?

പോലീസ് ടെലികമ്മ്യൂണിക്കേഷൻ ടെക്നിക്കൽ വിഭാഗത്തിന്റെ ഉപയോഗത്തിനായി 12,49,127 രൂപ ചെലവഴിച്ച് 25 ലാപ്പ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.

(സി) പ്രസ്തുത ടെക്നിക്കൽ കേഡറിലുള്ള ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ടെക്നിക്കൽ തസ്തികയിൽ റിക്രൂട്ട് ചെയ്യപ്പെടുന്നവർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്.

പോലീസ് സേനയിലെ നിയമനങ്ങളും പ്രൊമോഷനും

98 (4823) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന രൂപീകരണത്തിനുശേഷം സ്പെഷ്യൽ റൂൾസ് പ്രകാരം നിലവിൽ വന്ന ആംഡ് പോലീസ് ബറ്റാലിയൻ, ഡിസ്ട്രിക്ട് ആംഡ് റിസർവ്, ജനറൽ എക്സിക്യൂട്ടീവ് എന്ന സംവിധാനത്തിൽ എന്തെങ്കിലും മാറ്റം സ്റ്റാറ്റ്യൂട്ടറി സമ്പ്രദായപ്രകാരം നിലവിൽ വന്നിട്ടുണ്ടോ;

&

(ബി) സംസ്ഥാനത്തെ എത്ര പോലീസ് ജില്ലകളിൽ ഡിസ്ട്രിക്ട് ആംഡ് റിസർവ് നിലവിലുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly